# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ


**അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം**

**പുതുപ്പള്ളി സ്പെഷ്യൽ എഡിഷൻ** | **2006 നവംബർ 10**


# പുതുപ്പള്ളി പഞ്ചായത്തിന്റെ ഇരട്ടത്താപ്പ് നയം

അഞ്ഞൂറിലധികം വർഷം പഴക്കമുള്ള പുതുപ്പള്ളി പള്ളിയുടെ സെമിത്തേരി പൊളിച്ചു മാറ്റുവാൻ ഉത്തരവിട്ട പുതുപ്പള്ളി പഞ്ചായത്ത് അതിന് തൊട്ടടുത്തുള്ള വിഘടിതവിഭാഗത്തിന്റെ പള്ളിക്കു വേണ്ടി പുറമ്പോക്ക് കയ്യേറ്റം നടത്തിയതിനും മറ്റു കെട്ടിട നിർമ്മാണ നിയമങ്ങൾ ലംഘിച്ചതിനും ചൂട്ടുപിടിച്ചത് തികഞ്ഞ ഇരട്ടത്താപ്പുനയമാണെന്ന് അൽമായവേദി സെക്രട്ടേറിയേറ്റ് വിലയിരുത്തി. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ സമീപ പുരയിടത്തിൽ വീടുകൾ വച്ചിട്ടുള്ളവരുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ഈ നടപടി സ്വീകരിച്ചത്.

1998 -ലെ കേരളാ പഞ്ചായത്ത് രാജ് (ശവം മറവുചെയ്യുവാനും ദഹിപ്പിക്കുവാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങളിലെ 4 (1) -ാം ചട്ടപ്രകാരം "ഈ ചട്ടങ്ങളുടെ പ്രാരംഭത്തിൽ നിലവിലുള്ളതും 1997-ലെ കേരളാ പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യുവാനും ദഹിപ്പിക്കുവാനും ഉള്ള സ്ഥലങ്ങൾ) ചട്ടങ്ങൾപ്രകാരം രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതുന്നതോ ആയ ശ്മശാനങ്ങൾ ഈ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തതായി കരുതേണ്ടതാണ്."

ഈ നിയമപ്രകാരം 1997- ന് മുൻപുള്ള എല്ലാ ശ്മശാനങ്ങളും രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കപ്പെടേണ്ടതാണെന്നിരിക്കെ പുതുപ്പള്ളി പഞ്ചായത്തിന്റെ ഉത്തരവ് തികച്ചും നിയമവിരുദ്ധമാണ്.

പരാതിക്കാരായ രണ്ടു വ്യക്തികൾ അവരുടെ സ്ഥലം വാങ്ങുവാൻ പള്ളിയെ സമീപിച്ചിരുന്നു. മാർക്കറ്റ് വിലയിലും വളരെ കൂടിയ വില പള്ളി വാഗ്ദാനം ചെയ്തു എങ്കിലും നഗരങ്ങളിൽ പോലും നിലവിലില്ലാത്ത ഭീകരമായ വിലയാണ് സ്ഥലമുടമകൾ ആവശ്യപ്പെട്ടത്. അന്യായ വിലക്ക് സ്ഥലം പള്ളിയെക്കൊണ്ട് വാങ്ങിപ്പിക്കുവാനുള്ള സമർദ്ദതന്ത്രമായിട്ടാണ് പരാതിക്കാരുടെ ഈ നടപടികൾ വിലയിരുത്തപ്പെടുന്നത്.



പുതുപ്പള്ളി പഞ്ചായത്തിന് ഈ ഇടവകയോടുള്ള ചിറ്റമ്മ നയം കവലയിലുള്ള കുരിശടിയുടെ മതിൽ പൊളിച്ചതിലൂടെ വ്യക്തമായതാണ്. വിഘടിതരുടെ പള്ളിക്ക് നിയമവിരുദ്ധമായി അനുമതികൾ നൽകിയതും ഇതോടൊപ്പം ചേർത്തു വായിക്കേണ്ടതാണ്.

പുതുപ്പള്ളി, വിജയപുരം, വാകത്താനം, പനച്ചിക്കാട്, മീനടം, പാമ്പാടി എന്നീ പഞ്ചായത്തുകളിലെ 15 തലമുറകളിലെ പൂർവ്വികർ അന്ത്യവിശ്രമംകൊള്ളുന്ന കല്ലറകൾ ഏതാനും പേരുടെ ധനമോഹപ്രേരിതമായ പ്രവർത്തനങ്ങൾ മൂലം പൊളിച്ചു മാറ്റേണ്ടിവരുന്നത് വലിയ ക്രൂരതയാണ്. അനേകം പ്രഗത്ഭരുടെയും സാധാരണക്കാരു ടേയും കബറിടങ്ങൾ ചിലരുടെ ധനമോഹത്തിനുവേണ്ടി പൊളിച്ചുമാറ്റുവാൻ ഉത്തരവിട്ട പഞ്ചായത്തിന്റെ ഉദ്ദേശ്യശുദ്ധി എന്തെന്ന് സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടിയിരിക്കുന്നു.

വിവാദ കല്ലറയേക്കാൾ, പരാതിക്കാരിലൊരാളുടെ വീടിന് സമീപസ്ഥമാണ് ഇതേ സെമിത്തേരിയിലുള്ള പരാതിക്കാരന്റെ കുടുംബക്കല്ലറ. മലിനീകരണചട്ടങ്ങളൊന്നും ബാധകമല്ലാത്ത ഈ കല്ലറയിൽ ടിയാന്റെ പിതാവിനെ അടക്കം ചെയ്തിട്ട് ഒരു വർഷം പോലും ആയിട്ടില്ല എന്നതാണ് വസ്തുത.

പരാതിക്കാർ ആ സ്ഥലത്ത് വീടു വയ്ക്കുമ്പോൾ നാലര നൂറ്റാണ്ട് പഴക്കമുള്ള സെമിത്തേരി അവിടെ നിലവിലുണ്ടായിരുന്നു. സെമിത്തേരിയുടെ സമീപത്താണ് വീടു വെയ്ക്കുന്നതെന്ന അറിവോടെയാണ് അവിടെ താമസമാരംഭിച്ചത്. ഇപ്പോൾ സെമിത്തേരി മൂലമുള്ള അസൗകര്യങ്ങളുണ്ടെന്ന് അവകാശപ്പെടുന്നതിന്റെ പൊള്ളത്തരം ഇതിൽ തന്നെ വ്യക്തമാണല്ലോ.

## തല്പരകക്ഷികളുടെ താല്പര്യം സംരക്ഷിച്ച ഉത്തരവ്

പുതുപ്പള്ളിപള്ളി സെമിത്തേരി സംബന്ധിച്ച് തല്പര കക്ഷികളുടെ പരാതിയെത്തുടർന്ന് ജില്ലാ കളക്ടർ 26-10-2006 ൽ ജില്ലാ സർവ്വേ സൂപ്രണ്ടിനെ അന്വേഷണത്തിനയച്ചു. അന്നേദിവസം പഞ്ചായത്തു പ്രസിഡന്റ് പള്ളിയിലെത്തി രണ്ടു മാസത്തിനകം സെമിത്തേരി സംബന്ധിച്ച പൂർണ്ണ റിപ്പോർട്ടു തരണം എന്ന് അദ്ദേഹം പള്ളിക്കമ്മിറ്റിയോട് ആവശ്യപ്പെട്ടു.

എന്നാൽ പള്ളി റിപ്പോർട്ടു സമർപ്പിക്കുന്നതിനു മുമ്പ് 31-10-2006 ൽ തന്നെ സെമിത്തേരി പൊളിച്ചുമാറ്റാൻ പഞ്ചായത്ത് ഉത്തരവായി. തുടർന്ന് ഒരു പഞ്ചായത്തു മെമ്പറുടെ വീട്ടിൽ സ്ഥലം എം.എൽ.എ., പഞ്ചായത്തുമെമ്പറന്മാരുടെ യോഗം വിളിച്ചുചേർത്തു. പുതുപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് കാര്യങ്ങൾ വിശദീകരിച്ചു. മറ്റു മെമ്പറന്മാരുടെ അഭിപ്രായം ആരായാതെ പ്രസിഡന്റിന്റെ നിർദ്ദേശം അംഗീകരിച്ച് സെമിത്തേരി പൊളിക്കാം എന്നു എം.എൽ.എ. നിർദ്ദേശിച്ചതായി കേൾക്കുന്നു. എന്നാൽ കോട്ടയം റ്റി. ബി. യിൽ പള്ളിക്കമ്മറ്റിയും പഞ്ചായത്തുമായുള്ള സംയുക്ത സമ്മേളനത്തിൽ ഇരുഭാഗത്തിന്റെയും വിശദീകരണം കേട്ട ശേഷം എം. എൽ. എ. പ്രസിഡന്റിന്റെ തീരുമാനം തെറ്റാണെന്ന് പറഞ്ഞതായി അറിയുന്നു.

തുടർന്ന് 4-11-2006 ൽ എം. എൽ. എ. യുടെ സാന്നിദ്ധ്യത്തിലുള്ള സംയുക്ത യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ബോധപൂർവ്വം പങ്കെടുത്തില്ല. രാത്രി വൈകി 1 മണി വരെ പ്രസിഡന്റ് യോഗത്തിൽ എത്തിയില്ല.

(ശേഷം രണ്ടാം പേജിൽ)

# താല്പര്യം സംരക്ഷിച്ച ഉത്തരവ്

(ഒന്നാം പേജിൽ നിന്നും)

അടുത്ത ദിവസവും സംയുക്ത യോഗം എം. എൽ. എ. യുടെ സാന്നിദ്ധ്യത്തിൽ നടന്നു. പ്രസിഡന്റ് പ്രത്യക്ഷപ്പെട്ടില്ല. അദ്ദേഹത്തെ ആദ്യം വിളിച്ചപ്പോൾ ബാത്ത്റൂമിലാണെന്നും; വീണ്ടും വിളിച്ചപ്പോൾ ടോയിലറ്റിലാണെന്നും പറഞ്ഞു. തുടർന്ന് മുൻ പള്ളിട്രസ്റ്റി പ്രസിഡന്റിന്റെ വീട്ടിലെത്തുമ്പോൾ അദ്ദേഹം പൂമുഖത്തിരുന്ന് പത്രം വായിക്കുകയായിരുന്നു. തുടർന്ന് അദ്ദേഹത്തെ എം. എൽ. എ. യുടെ സമീപം എത്തിച്ചപ്പോൾ സെമിത്തേരിയുടെ പേരിൽ പ്രഖ്യാപിച്ച ഉത്തരവിലെ പിശകുകൾ ബോദ്ധ്യപ്പെടുത്തി എം. എൽ. എ. ശകാരിച്ചു. നിങ്ങളുടെ തീരുമാനം തെറ്റി എന്നും പറഞ്ഞു. എന്തായാലും പള്ളി ഇടവകക്കാരനായ മെമ്പർ നിബു ജോൺ പ്രസിഡന്റാകുന്ന കാലത്ത് ചരിത്രപ്രസിദ്ധമായ പുതുപ്പള്ളിപള്ളിയും പൊളിച്ചുമാറ്റാൻ ഉത്തരവുണ്ടായേക്കും എന്നു ശങ്കിക്കുന്നു.

ഇ. എം. എസ്. പോലും പറഞ്ഞത് പള്ളിയേയും, പട്ടക്കാരനെയും തള്ളീട്ടു വരാൻ മാത്രമാണ്. എന്നാൽ കോൺഗ്രസ്സിന്റെ ഈറ്റില്ലമായ പുതുപ്പള്ളിയിൽ, പുതുപ്പള്ളി വെടിവെയ്പ് മുതൽ വിമോചനസമരം വരെയും അതിനു മുമ്പും പിമ്പും ജനകീയ സമരങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും നേതൃത്വം നൽകിയ പൂർവ്വപിതാക്കളുടെ ശവകുടീരം ഇടിച്ചു നിരത്താൻ ഉത്തരവായതു കഷ്ടം തന്നെ.

വാകത്താനം, തെങ്ങണാ, കുറുമ്പനാടം, തോട്ടയ്ക്കാട്, മീനടം, പാമ്പാടി, വാഴൂർ, കങ്ങഴ, വിജയപുരം, കുറിച്ചി, പള്ളം, കൊല്ലാട്, ചിങ്ങവനം, കുഴിമറ്റം, പൊങ്ങന്താനം എന്നീ പ്രദേശങ്ങളിലെ മുഴുവൻ നസ്രാണികളുടെയും പൂർവ്വപിതാക്കൾ അന്ത്യവിശ്രമം കൊള്ളുന്ന സെമിത്തേരി 15 ദിവസത്തിനുള്ളിൽ പൊളിച്ചുനീക്കി റിപ്പോർട്ടു ചെയ്യണം എന്ന ഉത്തരവിന്റെ പിന്നിൽ ഓർത്തഡോക്സുകാരെന്ന് അഭിമാനിക്കുന്ന മെമ്പറാണെന്നത് ലജ്ജാകരം തന്നെ. എന്നാൽ പുതുപ്പള്ളിപള്ളിക്കു ബദലായി, ഉദ്യോഗസ്ഥ, രാഷ്ട്രീയ സ്വാധീനത്താൽ പുറമ്പോക്കുകൾ പതിച്ചെടുത്ത് സഭയിലെ വിഘടിതവിഭാഗം അനധികൃത നിർമ്മാണം നടത്തുന്നതു കാണാൻ ഈ പഞ്ചായത്ത് അധികൃതർക്ക് സാധിച്ചിട്ടില്ല. സത്യത്തിന്റെ മുഖം വിരൂപം - സത്യം എന്നും ക്രൂശിക്കപ്പെടുകയും ചെയ്യും.

# കോട്ടയം ജില്ലാ കളക്ടർക്ക് പൊതുജനങ്ങൾ സമർപ്പിച്ച പരാതി

**വിഷയം: ഉദ്യോഗസ്ഥ, രാഷ്ട്രീയ സ്വാധീനത്താൽ അനധികൃതമായി പണിതിരിക്കുന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ്.**

സൂചന: അങ്ങയുടെ ഓഫീസിലെ കത്ത് നമ്പർ K. Dis 63433/93/HI തീയതി 16-6-94 (കോപ്പി ഉള്ളടക്കം ചെയ്തിരിക്കുന്നു).

സർ, മേൽ സൂചനപ്രകാരം പുതുപ്പള്ളി വില്ലേജിൽ സർവ്വേ നമ്പർ 444/20 (പുതുപ്പള്ളി പാലത്തിന് സമീപം പടിഞ്ഞാറ് തെക്കുവശത്ത് സ്ഥിതിചെയ്യുന്ന പാത്രിയർക്കാ സെന്റർ) -ൽ നിബന്ധനകളുടെ അടിസ്ഥാനത്തിൽ പ്രാർത്ഥനാലയം പണിയുന്നതിന് അങ്ങയുടെ ഓഫീസിൽ നിന്നു അനുവാദം നൽകിയിരുന്നു. അതനുസരിച്ച് 1994-ൽ പണിപൂർത്തീകരിച്ച ടി. കെട്ടിടം പൊളിച്ച് പുതിയ പള്ളി പണിയുന്നതിനുള്ള മേൽനടപടികൾ തൽപ്പരകക്ഷികൾ സ്വീകരിച്ചിരിക്കുകയാണ്.

ഉദ്യോഗസ്ഥ രാഷ്ട്രീയ സ്വാധീനത്താൽ പള്ളി പണിയുന്നതിനുള്ള ഉത്തരവ് വാങ്ങി, ടി. സർവ്വേ നമ്പറിൽ തകൃതിയായി പള്ളി പണി നടക്കുകയാണ്. നിയമങ്ങൾ ലംഘിച്ചുകൊണ്ടാണ് പണി നടക്കുന്നത്.

**നിയമ ലംഘനങ്ങൾ**

1. പള്ളിയുടെ വടക്ക് വശത്തുള്ള ബൈപ്പാസ് റോഡിൽ നിന്നും 5 മീറ്റർ വലിച്ചു വേണം കെട്ടിടം പണിയുവാൻ. ഇത് പാലിക്കപ്പെട്ടിട്ടില്ല.

2. പുറമ്പോക്കിൽ മണ്ണടിച്ച് താൽക്കാലിക ഷെഡ്ഡ് വച്ച് പ്രാർത്ഥന നടത്തുന്നു. പള്ളിപണി പൂർത്തിയാകുമ്പോൾ ഈ സ്ഥലം കൈയ്യേറാനുള്ള പ്രാരംഭ നടപടിയാണിത് (ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 2004-ൽ റോഡിന്റെ തെക്കുവശം കരിങ്കൽ കൊണ്ട് കെട്ടി അതിർ വേർതിരിക്കുവാൻ പി. ഡബ്ല്യു. ഡി. ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം കോൺട്രാക്ടർ മണ്ണെടുത്തതാണ്. ഇന്നു നിലവിലുള്ള പാത്രിയർക്കാ സെന്ററിലെ ശവക്കല്ലറയുടെ ഭിത്തിയോടു ചേർന്ന് ആഴത്തിൽ വാനം മാന്തിയിരുന്നു. ശവക്കല്ലറയുടെ വടക്ക് പടിഞ്ഞാറ് വശം പുറമ്പോക്കിലായിരുന്നു. രാഷ്ട്രീയ സ്വാധീനം മൂലം കരിങ്കൽ കൊണ്ട് അതിർ തീർക്കാതെ വാനം മാന്തിയ മണ്ണ് തിരിച്ചിട്ട് വാനം മൂടി.

3. പള്ളിയുടെ തെക്കുവശത്തുള്ള പഴയ പി. ഡബ്ല്യു. ഡി. റോഡിൽ നിന്നും മൂന്ന് മീറ്റർ വടക്കോട്ട് വലിച്ചുവേണം കെട്ടിടം പണിയുവാൻ. ഇത് പാലിച്ചിട്ടില്ല.

4. ചരിത്രപ്രസിദ്ധമായ ഉണ്ണുനീലി സന്ദേശം റോഡ് പുനഃനിർമ്മിക്കുവാൻ സർക്കാർ തീരുമാനിച്ചു. അതനുസരിച്ച് കൊട്ടാരത്തിൽ കടവ് വരെ വസ്തു കൈയേറിയവരെ ഒഴിപ്പിക്കുകയും റോഡിന്റെ പണി പൂർത്തിയാക്കുകയും ചെയ്തു. പഴയ ഉണ്ണുനീലി സന്ദേശം റോഡ് കടന്നുപോകുന്നത് ഇപ്പോൾ പണിതുകൊണ്ടിരിക്കുന്ന പള്ളിയുടെ കിഴക്കുവശത്തുകൂടിയാണ്. ഈ റോഡിൽനിന്നും നിശ്ചിത അകലം വിട്ടു വേണം പള്ളി പണിയുവാൻ.

അങ്ങയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവുകയും സർക്കാർ സ്ഥലത്ത് (പുറമ്പോക്കിൽ) പണിതിരിക്കുന്ന ഷെഡ്ഡ് പൊളിച്ചുമാറ്റുകയും, കൂട്ടിയിട്ടിരിക്കുന്ന മണ്ണ് നീക്കം ചെയ്യുകയും, പുറമ്പോക്ക് സംരക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നതോടൊപ്പം പുതുതായി പണിയുന്ന പള്ളി സർക്കാർ നിയമം അനുസരിച്ച് റോഡിൽ നിന്ന് നിശ്ചിത അകലം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

എന്ന് വിധേയർ

## പൊതുറോഡുകളും മറ്റും പഞ്ചായത്തിൽ നിക്ഷിപ്തമാക്കൽ (സെക്ഷൻ 169)

പഞ്ചായത്തു പ്രദേശത്തുള്ള എല്ലാ വില്ലേജു റോഡുകളും, പാതകളും, വീഥികളും അവയോടു ചേർന്നുള്ള എല്ലാ വസ്തുക്കളും പഞ്ചായത്തിൽ നിക്ഷിപ്തമാണ്. ഇവ കൈവശപ്പെടുത്തുന്നതും കൈയ്യേറുന്നതും 169 (5) ആക്ട് പ്രകാരം കുറ്റകരമാണ്. ഇത്തരം കയ്യേറ്റങ്ങൾ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ പൗരന്മാർ ബാദ്ധ്യസ്ഥരാണ്.

### റോഡുകളോടും, പൊതുവീഥികളോടും, ചേർന്ന ഭാഗങ്ങളിൽ നിർമ്മാണപ്രവർത്തന നിരോധനം (220)

നാഷണൽ ഹൈവേയോടോ, സംസ്ഥാന ജില്ലാ റോഡുകളോടോ പഞ്ചായത്തു വിജ്ഞാപനം ചെയ്യുന്ന റോഡുകളോടു ചേർന്നുകിടക്കുന്ന ഭൂമിയിൽ, തന്റെ ഭൂമിയുടെ റോഡിനോടു ചേർന്ന അതിരിൽ നിന്നും 3 മീറ്റർ കുറയാത്ത ദൂരത്തിനുള്ളിൽ ചുറ്റുമതിലൊഴികെയുള്ള എല്ലാത്തരം നിർമ്മാണ പ്രവർത്തനങ്ങളും നിരോധിക്കപ്പെട്ടിട്ടുള്ളതാണ് (220 B). ഇത് 5-08-1995 ൽ നിലവിൽ വന്നു. 15-10-1999 ൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്ന ചട്ടങ്ങൾ നിലവിൽ വരികയുണ്ടായി.

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിയമങ്ങൾ 15-12-1999 ലെ 53267/E3/99/LSGD ഉത്തരവുപ്രകാരം പഞ്ചായത്തുകൾ ബാധകമാക്കുകയുണ്ടായി.

### കേരളാ പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും (പേജ് 520)

4. ചില ശ്മശാനങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതണമെന്നും ഉടമസ്ഥനില്ലാത്ത ശ്മശാനങ്ങൾ ഏറ്റെടുത്ത് രജിസ്റ്റർ ചെയ്യുകയോ അടച്ചുകളയുകയോ ചെയ്യലും:- (1) ഈ ചട്ടങ്ങളുടെ പ്രാരംഭത്തിൽ നിലവിലുള്ളതും 1997-ലെ കേരള പഞ്ചായത്ത് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതുന്നതോ ആയതുമായ ശ്മശാനങ്ങൾ ഈ ചട്ടങ്ങൾപ്രകാരം രജിസ്റ്റർ ചെയ്തതായി കരുതേണ്ടതാണ്.

(2) ഏതെങ്കിലും ഒരു ശ്മശാനം ഈ ചട്ടങ്ങളുടെ പ്രാരംഭത്തിൽ നിലവിലുണ്ടായിരുന്നതും 1967-ലെ കേരള പഞ്ചായത്ത് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതുന്നതും ആണോ അല്ലയോ എന്നതിനെക്കുറിച്ച് തർക്കങ്ങൾ ഉണ്ടാകുന്നപക്ഷം ആയത് ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ തീർപ്പിന് വിധേയമായിരിക്കുന്നതും അത് അന്തിമമായിരിക്കുന്നതുമാണ്.

Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi,
PB No. 652, Kottayam - 686 001 Phone: 93497 54448 Editor: Joice Thottackad